**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4460** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനവുമായി ബന്ധപ്പെട്ട് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനാർത്ഥം വിദേശത്തുള്ള സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നതിന് വകുപ്പ് മുഖേന നൽകി വരുന്ന ധനസഹായം എത്ര രൂപയാണ്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശങ്ങളിൽ പോയി ഉപരിപഠനം നടത്തുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ ധനസഹായം നൽകി വരുന്നു. വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിലിന് തുല്യമായവ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ 04/10/2017ലെ സ.ഉ.(എം.എസ്) നം.81/2017/പജപവവിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിന് അകത്ത് സ്ഥിരം താമസക്കാരായവരും, 35 വയസ്സിന് താഴെയുള്ളവരും ബിരുദം നേടിയവരും (55% മാർക്കിൽ കുറയാതെ ബിരുദം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കും 50% മാർക്കിൽ കുറയാതെ ബിരുദം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും) IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളവരും, പഠനം നടത്താൻ ഉദ്ദേശിക്കുന്ന വിദേശ സ്ഥാപനത്തിൽ നിന്നും ഓഫർ ലെറ്റർ ലഭിച്ചവരും ആയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിന് അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് ചേർന്ന് പഠനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ